(സി) കുടിശ്ശിക സംബന്ധിച്ച വിവരം

ക്രമ നമ്പർ	പെൻഷൻ ഇനം	കുടിശ്ശിക തുക
1	വാർദ്ധക്യകാല പെൻഷൻ	3,66,09,21,915
2	വികലാംഗ പെൻഷൻ	1,66,69,68,167
3	വിധവാ പെൻഷൻ	5,53,19,82,532
4	കർഷകത്തൊഴിലാളി പെൻഷൻ	2,75,83,46,352
5	50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	35,88,57,856

കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം

246 (3086) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടില്ല

(ബി&സി) ബാധകമല്ല.

പരിശീലന പഠന പരിപാടികൾ

247 (3087) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് നടപ്പിലാക്കുന്ന പരിശീലന പഠന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly